# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 06.04.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. ശ്രീലങ്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിലേക്ക് യാത്ര തിരിച്ചു. രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും.

   **Prime Minister Narendra Modi has left for Tamil Nadu, concluding his Sri Lankan visit. The Prime Minister will dedicate the new Pamban Bridge in Rameswaram to the nation.**

2. സമുദ്രാതിർത്തി ലംഘിച്ചതിന് അറസ്റ്റിലായ 14 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ച് ശ്രീലങ്ക. മോചനം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിന് പിന്നാലെ.

   **Sri Lanka releases 14 Indian fishermen during PM Modi's visit.**

3. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ജമ്മു കശ്മീലെത്തും. മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യും.

   **Union Home Minister Amit Shah is to be on a 3-day visit to Jammu and Kashmir beginning today to review the security situation.**

4. മുനമ്പം പ്രശ്നം വഖഫ് നിയമ ഭേദഗതിയിലൂടെ പരിഹരിക്കാനാകുമെന്ന് ബി.ജെ.പി. വഖഫ് ബിൽ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുമെന്ന് മുസ്ലീം ലിഗ്.

**The Munambam issue can be resolved through Waqf amendment Act, says BJP Kerala. Muslim League will challenge the Waqf Bill in the Supreme Court.**

5. യുവ സംരംഭകരുടെ മികച്ച പങ്കാളിത്തത്തിലൂടെ സ്റ്റാർട്ടപ്പ് മഹാകുംഭ് ശ്രദ്ധേയമായതായി കേന്ദ്ര സർക്കാർ.

**The Union government highlights that Startup Mahakumbh has gained prominence through excellent participation from young entrepreneurs.**

6. വേൾഡ് ബോക്സിങ്ങ് കപ്പിൽ ഇന്ത്യയുടെ ഹിതേഷ് ഗുലിയയ്ക്ക് സ്വർണ്ണം.

**In World Boxing Cup India's Hitesh Gulia bags Gold medal.**

**&&&&&&&&&&&&&&&&**

## HEADLINE 1

### DAY PM- SRI LANKA- ANURADHAPURA- ഇൻട്രോ

ശ്രീലങ്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി തമിഴ്നാട്ടിലേക്ക് യാത്ര തിരിച്ചു. ഇന്ത്യൻ സഹായത്തോടെ നിർമിക്കുന്ന റെയിൽവെ ലൈനിൻറെ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിച്ചു.

വിശദാംശങ്ങളിലേയ്ക്ക്...

(വോയിസ്)

### DAY PM- SREELANKA ANURADHAPURA- VOICE

ശ്രീലങ്കയിലെ അനുരാധപുരിയിലെത്തിയ

പ്രധാനമന്ത്രി നരേന്ദ്ര മോദി ജയ ശ്രീ മഹാബോധി ക്ഷേത്രത്തിൽ ദർശനം നടത്തി. തുടർന്ന് ഇന്ത്യൻ സഹായത്തോടെ നടപ്പാക്കുന്ന 'മഹോ-ഒമന്തായി' റെയിൽവേ ലൈൻ ശ്രീ നരേന്ദ്രമോദിയും ശ്രീലങ്കൻ

പ്രസിഡൻറ് അനുര കുമാര ദിസനായകേയും ചേർന്ന് ഉദ്ഘാടനം ചെയ്തു. ശ്രീലങ്കയുടെ വടക്കൻ പ്രദേശങ്ങളെ കൊളമ്പോയുമായി ബന്ധിപ്പിക്കുന്നതിൽ ഈ റെയിൽവെ പാതകൾ സുപ്രധാന പങ്ക് വഹിക്കുന്നു. മഹോ അനുരാധപുര സെക്ഷനിലെ സിഗ്നലിംഗ് സിസ്റ്റം പദ്ധതിയ്ക്കും ഇരു നേതാക്കളും തുടക്കം കുറിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി.

**&&&&&&&&&&&&&&&**

## HEADLINE 2

## SRILANKA FISHERMEN

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനവേളയിൽ 14 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ച് ശ്രീലങ്ക. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയുമായി ശ്രീ മോദി നടത്തിയ വിശദമായ ചർച്ചകൾക്ക് ശേഷമാണ് നടപടി. മത്സ്യത്തൊഴിലാളികളുടെ മോചനം ഉടൻ സാധ്യമാക്കണമെന്ന് ചർച്ചയിൽ അഭ്യർത്ഥിച്ചതായി പ്രധാനമന്ത്രി അറിയിച്ചിരുന്നു. മത്സ്യബന്ധനത്തിനിടെ ശ്രീലങ്കൻ സമുദ്രാതിർത്തി ലംഘിച്ചെന്നാരോപിച്ചാണ് മത്സ്യത്തൊഴിലാകളികളെ അറസ്റ്റ് ചെയ്തത്.

**&&&&&&&&&&&&&&&**

## THE NEW PAMBAN BRIDGE-PM

രാജ്യത്തെ എൻജിനിയറിങ് വിസ്മയങ്ങളിലൊന്നായി വിശേഷിപ്പിക്കുന്ന തമിഴ്നാട് രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും. റെയിൽ വികാസ് നിഗം ലിമിറ്റഡാണ് 535 കോടി രൂപ ചെലവിൽ പുതിയ പാലം

നിർമിച്ചത്. കപ്പലുകൾക്ക് കടന്നുപോകാൻ ഒരു ഭാഗം ലംബമായി ഉയരുന്ന രാജ്യത്തെ ആദ്യ 'വെർട്ടിക്കൽ ലിഫ്റ്റിങ്' പാലമാണിത്. പാമ്പൻപാലത്തിലൂടെ താംബരത്തേക്കുള്ള പുതിയ തീവണ്ടി സർവീസും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&

## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം പോർച്ചുഗലും സ്ലോവാക് റിപ്പബ്ലിക്കും സന്ദർശിക്കും. നാളെ പോർച്ചുഗലിലെത്തുന്ന രാഷ്ട്രപതി പോർച്ചുഗൽ പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡിസൂസയുമായി പ്രതിനിധിതല ചർച്ച നടത്തും. തുടർന്ന് ഈ മാസം ഒൻപതിനും പത്തിനും രാഷ്ട്രപതി സ്ലോവാക്യയിൽ പര്യടനം നടത്തും.

&&&&&&&&&&&&&&&

## HEADLINE 3

## AMITSHAH- JAMMU

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ജമ്മു കശ്മീർ സന്ദർശിക്കും. സുരക്ഷാ ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്ന അദ്ദേഹം മേഖലയിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യും. മൂന്ന് ദിവസത്തെ സന്ദർശന വേളയിൽ, ജമ്മുവിലെ ബിജെപി എംഎൽഎമാരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. അമർനാഥ് യാത്രയുടെ ക്രമീകരണങ്ങൾ സംബന്ധിച്ച യോഗത്തിലും ശ്രീ അമിത് ഷാ അധ്യക്ഷത വഹിക്കും. ശ്രീനഗറിൽ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം വെർച്വലായി തുടക്കം കുറിക്കും.

&&&&&&&&&&&&&&&

## BJP- FOUNDATION DAY

ഭാരതീയ ജനതാ പാർട്ടി ഇന്ന് സ്ഥാപക ദിനം ആഘോഷിക്കും. ന്യൂഡൽഹിയിലെ ബിജെപി ദേശീയ ആസ്ഥാനത്ത് പാർട്ടി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ പി നഡ്ഡ പാർട്ടി പതാക ഉയർത്തി. പാർട്ടി ബൂത്ത് പ്രവർത്തകരുമായി അദ്ദേഹം സംവദിച്ചു.

&&&&&&&&&&&&&&&

## BJP-STATE

കേരളത്തിൽ ബിജെപി ആസ്ഥാനത്ത് പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പതാക ഉയർത്തി. ജനങ്ങളുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരാനാണ് NDA മുന്നണി പ്രവർത്തിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു.'കൂടെയുണ്ട് ഞങ്ങൾ' എന്ന മുദ്രാവാക്യവുമായി എല്ലാ ജില്ലാ ഓഫീസുകളിലും ബിജെപി, ഇന്നുമുതൽ ഹെല്പ് ഡെസ്ക് തുടങ്ങുമെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ അറിയിച്ചു.

&&&&&&&&&&&&&&&

## M A BABY- CPIM

മധുരയിൽ നടക്കുന്ന CPIM 24-ാാം പാർട്ടി കോൺഗ്രസിന് ഇന്ന് സമാപനം. വൈകിട്ടു പൊതുസമ്മേളനത്തോടെയാണ് പരിപാടികൾ അവസാനിക്കുക. പുതിയ കേന്ദ്ര കമ്മിറ്റിയെയും പാർട്ടി ജനറൽ സെക്രട്ടറിയേയും സംബന്ധിച്ച ഒദ്യോഗിക പ്രഖ്യാപനം അല്പസമയത്തിനകം ഉണ്ടാകും. സിപിഐഎം ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മലയാളിയും മുൻ

മന്ത്രിയുമായ എം എ ബേബിയെ പരിഗണിക്കുന്നതായി റിപ്പോർട്ടുണ്ട്.

&&&&&&&&&&&&&&&

## HEADLINE 5

## STARTUP MAHAKUMBH 2025

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് മഹാകുംഭ് യുവ സംരംഭകരുടെ മികച്ച പങ്കാളിത്തത്തിലൂടെ ശ്രദ്ധേയമായതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം. രാജ്യത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ മുന്നേറ്റത്തെ വെളിവാക്കുന്നതായിരുന്നു സ്റ്റാർട്ട്അപ്പ് മഹാകുംഭെന്നും മന്ത്രാലയം വ്യക്തമാക്കി. മൂന്ന് ദിവസങ്ങളിലായി നടന്ന പരിപാടിയിൽ ലോകമെമ്പാടുമുള്ള 3000 ത്തിലധികം സ്റ്റാർട്ടപ്പുകളാണ് പങ്കെടുത്തത്.

&&&&&&&&&&&&&&&

## MORN. PREZ - WAQF BILL

വഖഫ് ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഇതോടെ ബിൽ നിയമമായി. ലോക്സഭയിൽ വ്യാഴാഴ്ച അവതരിപ്പിച്ച ബിൽ 56 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് പാസായത് 288 അംഗങ്ങൾ ബില്ലിനെ പിന്തുണച്ചപ്പോൾ 232 അംഗങ്ങൾ എതിർത്തുവോട്ട് ചെയ്തു. രാജ്യസഭയിൽ വെള്ളിയാഴ്ച 128 അംഗങ്ങൾ അനുകൂലിച്ചും 95 അംഗങ്ങൾ എതിർത്തും വോട്ട് ചെയ്തിരുന്നു.

&&&&&&&&&&&&&&&

## HEADLINE 4

## K SURENDRAN

വഖഫ് നിയമ ഭേദഗതിയിലൂടെ മുനമ്പത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന് ബി.ജെ.പി മുൻ അധ്യക്ഷൻ കെ.സുരേന്ദ്രൻ. ഈ മാസം 9 -ന് ന്യൂന പക്ഷ മന്ത്രി മുനമ്പം സന്ദർശിക്കുന്നുണ്ട്. മുനമ്പത്തെ ജനങ്ങളുടെ റവന്യു അവകാശം സംരക്ഷിക്കുന്നത് വരെ ഒപ്പമുണ്ടാകുമെന്നും ശ്രീ കെ സുരേന്ദ്രൻ പറഞ്ഞു.

&&&&&&&&&&&&&&&

## HEADLINE 4 A

## P K KUNHALIKUTTY

വഖഫ് ബിൽ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുമെന്ന് മുസ്ലീം ലിഗ് നേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി. സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകൻ കപിൽ സിബലുമായി നാളെ ഡൽഹിയിൽ ഇത് സംബന്ധിച്ച് ചർച്ച നടത്തും. മുനമ്പം വിഷയത്തിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ചിലർ ശ്രമിക്കുന്നുണ്ടെന്ന് അദ്ദേഹം മലപ്പുറത്ത് പറഞ്ഞു.

&&&&&&&&&&&&&&&

## KANNUR- INTRO

ഹരിത ശുചിത്വ പരിപാലന രംഗത്ത് മാതൃകപരമായ മുന്നേറ്റവുമായി കണ്ണൂർ ജില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾക്ക് ആണ് ജില്ലയിൽ തുടക്കം കുറിച്ചത്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

**&&&&&&&&&&&&&&&**

## HEADLINE 6

## WORLD BOXING CUP - GOLD

ബ്രസീലിൽ നടന്ന വേൾഡ് ബോക്സിങ്ങ് കപ്പിൽ ഇന്ത്യക്ക് സ്വർണം. പുരുഷന്മാരുടെ 70 കിലോഗ്രാം വിഭാഗത്തിലാണ് ഇന്ത്യയുടെ ഹിതേഷ് ഗുലിയാ സ്വർണം നേടിയത്. 65 കിലോഗ്രാം വിഭാഗത്തിൽ പുരുഷതാരം അഭിനാഷ് ജാംവാൾ വെള്ളിയും നേടിയിരുന്നു.

**&&&&&&&&&&&&&&&**

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകുന്നേരം 7:30 ന് ഹൈദരാബാദിലാണ് മത്സരം.

**&&&&&&&&&&&&&&&**

## RAM NAVAMI- AYODHYA

ഇന്ന് രാമനവമി. ചൈത്ര മാസത്തിലെ ഒമ്പതാം ദിവസമായ ഇന്ന് ശ്രീരാമന്റെ ജന്മദിനം ഭക്തിപുരസരംആഘോഷിക്കുന്നു. അയോധ്യയിലെ ശ്രീ രാമക്ഷേത്രത്തിൽ പ്രത്യേക പൂജകൾ നടന്നു. രാം ലല്ല പ്രതിഷ്ഠയിൽ സൂര്യതിലകം ചാർത്തിയ അപൂർവ്വ നിമിഷത്തിനും നിരവധിപേർ സാക്ഷിയായി. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ജനങ്ങൾക്ക് രാമനവമി ആശംസകൾ നേർന്നു.

&&&&&&&&&&&&&&&

## WEATHER KERALA

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ കേരളത്തിൽ ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. അതേസമയം തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&

## US - SOUTH SUDANESE VISA REVOKE

അനധികൃത കുടിയേറ്റത്തിന്റെ പേരിൽ യു.എസ് നാടുകടത്തിയ പൗരന്മാരെ തിരികെ സ്വീകരിക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് മുഴുവൻ ദക്ഷിണ സുഡാൻ പൗരന്മാരുടേയും വീസ റദ്ദാക്കുമെന്ന് അമേരിക്ക. അനധികൃത കുടിയേറ്റത്തിന്റെ പേരിൽ നാടുകടത്തുന്ന പൗരന്മാരെ അതത് രാജ്യങ്ങൾ ഉടൻ സ്വീകരിക്കണമെന്ന യുഎസിൻറെ നിർദേശം നടപ്പാക്കാത്തതിനെ തുടർന്നാണ് നടപടി. സുഡാൻ പൗരന്മാർ യുഎസിലേക്ക് പ്രവേശിക്കുന്നത് എല്ലാ തുറമുഖങ്ങളിലും തടയുമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ അറിയിച്ചു.

&&&&&&&&&&&&&&&

## MoSPI- PUBLICATION

കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ പ്രസിദ്ധീകരണമായ Women and Men in India 2024: Selected Indicators and Dataയുടെ 26-ാമത്

പതിപ്പ് പുറത്തിറക്കി. രാജ്യത്തെ ജനസംഖ്യ, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ പ്രധാന മേഖലകൾ സംബന്ധിച്ച വിവരശേഖരണത്തിന്റെ സമഗ്രമായ അവലോകനമാണ് റിപ്പോർട്ടിലുള്ളത്. വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, സംഘടനകൾ എന്നിവ വഴിയാണ് വിവരശേഖകരണം.

&&&&&&&&&&&&&&&

## WORLD HEALTH DAY- VEENA GEORGE

ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. 2022, 2023 വർഷങ്ങളിലെ മികച്ച ഡോക്ടർ അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്യും. സർക്കാരാശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&

## I LEAGUE FOOTBALL

ഐ-ലീഗ് ഫുട്ബോളിൽ കലാശക്കളിയിൽ ഇന്ന് ഗോകുലം കേരള എഫ്സി, ഡെംപോ SC ഗോവയെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകുന്നേരം നാലിനാണ് മത്സരം. ഇതേ സമയം ശ്രീനഗറിൽ ചർച്ചിൽ ബ്രദേഴ്സ് ഗോവ -റിയൽ കശ്മീർ എഫ്സിയെയും നേരിടും.

&&&&&&&&&&&&&&&

## MYANMAR-DEATH TOLL

മ്യാൻമറിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,354 ആയി. 200 ലധികം പേരെ ഇപ്പോഴും കണ്ടെത്താനായില്ല. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള രക്ഷാപ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാണ്. ഓപ്പറേഷൻ ബ്രഹ്മയുടെ കീഴിൽ ശനിയാഴ്ച മ്യാൻമറിലേക്ക് 442 ടൺ ഭക്ഷ്യസഹായം കൂടി ഇന്ത്യ എത്തിച്ചു.

&&&&&&&&&&&&&&&
&&&&&&&&&
&&&